# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## ബുദ്ധന്റെ പ്രസക്തി




സാംദേങ്ങ് റിൻപോച്ചെയുമായുള്ള ഐ. ഷൺമുഖദാസിന്റെ സംഭാഷണം (കേരളീയം, ഒക്ടോബർ 2011) ശ്രദ്ധേയമായി. ഗാന്ധിയെക്കാളേറെ ബുദ്ധദർശനത്തിന്റെ പ്രായോഗിക വശം സൂക്ഷ്മമായി ഉൾക്കൊണ്ട നേതാവായിരുന്നു ഡോ. അംബേദ്ക്കർ. ഇരു നേതാക്കളും ചാതുർവർണ്യത്തോട് സ്വീകരിച്ച സമീപനങ്ങൾ വിഭിന്നമാണ്. ജൈന - ബൗദ്ധ പാരമ്പര്യത്തിന്റെ സമത്വബോധത്തെ വിമോചനാത്മകമായി ഉയർത്തിപ്പിടിച്ചത് നാരായണഗുരുവും അംബേദ്ക്കറുമാണ്. ആത്മീയത ഇരുവർക്കും ഒരു ഭാരമായില്ല. തീവ്രമായ ചരിത്രബോധത്തോടെയാണ് ഗുരുവും അംബേദ്ക്കറും ആത്മീയ സിദ്ധാന്തങ്ങളെ വിശകലനം ചെയ്തത്. ഇവരെ വിഗ്രഹവത്കരിക്കാതെ പഠിക്കാൻ ശ്രമിക്കുകയാണ് അഭികാമ്യം. ബുദ്ധനും മഹാവീരനും അഹിംസാമൂർത്തികളായത് അവർ സകലജീവജാലങ്ങളുമായി സ്നേഹത്തിൽ വർത്തിച്ചതിനാലാകണം. ചാതുർവർണ്ണ്യാധിഷ്ഠിതമായ ജാതീയ ജീവിതത്തിൽ ഉയർന്നവനും താഴ്ന്നവനും മാത്രനമേയുള്ളൂ. ഇതിൽ നിന്നുമുള്ള വിടുതലാണ് ജൈന - ബൗദ്ധ ദർശനങ്ങളും മറ്റും. ആധുനിക ഭാരതത്തിലെ ബുദ്ധന്റെ വർദ്ധിച്ചു വരുന്ന പ്രസക്തി ഇതാണ്. ബുദ്ധപഥം സമത്വപഥമാണ്.

**മാധവദാസ്**
ചൂരക്കാട്ടുകര, തൃശൂർ

**കാർട്ടൂൺ** **മധുസൂദനൻ**




## തോട്ടഭൂമിയിൽ ടൂറിസം വേണ്ട

**സംസ്ഥാനത്തെ** തോട്ടങ്ങളിൽ തോട്ടഭൂമിയുടെ അഞ്ച് ശതമാനം വരെ ടൂറിസം ആവശ്യങ്ങൾക്കായി റിസോർട്ടുകൾ നിർമ്മിക്കാൻ അനുമതി നൽകുന്ന സർക്കാറിന്റെ പുതിയ നയം ജനാധിപത്യ വിരുദ്ധവും വലിയ പാരിസ്ഥിതിക ദുരന്തത്തിന് കാരണമാകുന്നതുമാണ്. ടൂറിസത്തിനായി റിസോർട്ടുകൾ പണിയാമെന്ന നിയമം വഴി തോട്ടങ്ങൾ തുണ്ടുവൽക്കരിക്കപ്പെടുകയും അത് ആയിരക്കണക്കിന് ഏക്കറിലെ കൃഷി കുറയ്ക്കുകയും ചെയ്യും. നിലനിൽക്കുന്ന നിരവധി കേസുകളിൽ ഈ നയംമാറ്റം സർക്കാരിന് ദോഷം ചെയ്യും.

മൂന്നാറിലെ നൂറിലേറെ റിസോർട്ടുകൾകൾക്കെതിരെ കേസെടുത്തിരിക്കുന്നത് അവർ കൃഷിക്കായി നൽകിയ ഭൂമിയിൽ റിസോർട്ട് നിർമ്മിച്ചു എന്ന കാരണത്താൽ ആണ്. നെല്ലിയാമ്പതിയിലെ ആയിരക്കണക്കിന് ഏക്കർ പാട്ടഭൂമിയും ടൂറിസം നടത്തിയതിന്റെ പേരിൽ തിരിച്ചെടുക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ഈ കേസിലെല്ലാം സർക്കാർ തോൽക്കാനും പതിനായിരക്കണക്കിനു ഏക്കർ ഭൂമി പൊതുസമൂഹത്തിനു അന്യാധീനപ്പെടാനും യു.ഡി.എഫ് സർക്കാരിന്റെ പുതിയ നയം വഴിവയ്ക്കും.

മന്ത്രി കെ.എം മാണിക്ക് ചില കൈയേറ്റക്കാരോടുള്ള താത്പര്യമാണ് ഇതിന് പിന്നിലെന്നാണ് മനസിലാക്കാൻ കഴിയുന്നത്. നിയമഭേദഗതി കൊണ്ടുവരുന്നതിന് പകരം പിൻവാതിലിലൂടെ ഈ പുതിയ നയം നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നതിൽ നിന്നും കാര്യങ്ങൾ വ്യക്തമാണ്. കേരളത്തിന്റെ പരിസ്ഥിതിയെ നശിപ്പിച്ച തോട്ടങ്ങൾ വീണ്ടുമൊരു നശീകരണത്തിനൊരുങ്ങുമ്പോൾ, ഭൂമിയുടെ അവകാശത്തിനായുള്ള ഭൂരഹിതരുടെ സമരങ്ങൾ തുടരുന്ന ഈ നാട്ടിൽ പരിസ്ഥിതി - ഭൂമി രാഷ്ട്രീയം ഒന്നിക്കേണ്ടിയിരിക്കുന്നു.

**ജോൺസി മറ്റത്തിൽ**
പ്രവിത്താനം, കോട്ടയം